GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

31-07-2021

## എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. മാവ്, പ്ലാവ്, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മംഗോസ്റ്റിൻ, കുടംപുളി, ഞാവൽ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിന് ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 18000/- രൂപ എം.ഐ.ഡി.എച്ച് പദ്ധതി പ്രകാരം സബ്സിഡി നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക. .

2. അറിയിപ്പ്

ചമ്പക്കുളം, തകഴി കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന വിതച്ച് 40 ദിവസത്തിനും 55 ദിവസത്തിനും ഇടയിലുള്ള ചില പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗലക്ഷണങ്ങൾ കാണാൻ തുടങ്ങിയിട്ടുണ്ട്. നിലവിലെ കാലാവസ്ഥ ഈ രോഗത്തിന്റെ വ്യാപനത്തിന് അനുകൂലമായതിനാൽ കർഷകർ നിയന്ത്രണ മാർഗങ്ങൾ കൈക്കൊള്ളേണ്ടതാണ്. രോഗത്തിന്റെ പ്രാരംഭദിശയിൽ പച്ചചാണകത്തെളിയിൽ സ്യൂഡോമോണാസ് ഫ്ളൂറസെൻസ് ചേർത്ത് തളിക്കുന്നത് രോഗവ്യാപനം തടയാൻ സഹായിക്കും. വെള്ളം കയറുന്ന തുമ്പുഭാഗത്ത് ബ്ലീച്ചിംഗ് പൗഡർ ചെറുകിഴികളിലായി കെട്ടി ഇടുന്നത് വെള്ളത്തിലൂടെയുള്ള രോഗവ്യാപനം തടയും. ഇതു സംബന്ധിച്ച സംശയങ്ങൾക്ക് കർഷകർക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **ചമ്പക്കുളം – 9400142409, തകഴി – 9633815621.**

3. രാഷ്ട്രീയ കൃഷിവികാസ് യോജനയുടെ ഭാഗമായി മണ്ണുത്തി യൂണിവേഴ്സിറ്റി മൃഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന ചെറുകിട നാമമാത്ര ഫാമുകളിലെ ആരോഗ്യ പ്രത്യുല്പാദന പരിരക്ഷ പശുക്കളിൽ എന്ന പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വിദഗ്ധ വെറ്ററിനറി ഡോക്ടർമാർ ഫാമുകളിൽ എത്തി പശുക്കളുടെ പരിശോധന നടത്തിയശേഷം വേണ്ട പ്രതിവിധികൾ നിർദ്ദേശിക്കുന്നതാണ്. താല്പര്യമുള്ള കർഷകർ ഇനിപ്പറയുന്ന ഫോൺ നമ്പരുകളിൽ ഡോ. അജിത്കുമാർ എസ്. 9400322511, ഡോ. ഉഷ നാരായണപിള്ള-9847803271 ബന്ധപ്പെടാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**4. ദേശീയ ഗോപാൽരത്ന പുരസ്കാരത്തിനായി അപേക്ഷ ക്ഷണിച്ചു.**

കേന്ദ്രസർക്കാർ അംഗീകരിച്ച തനതു ജനുസിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിചരിക്കുന്ന വ്യക്തികൾക്കും ഏറ്റവും നല്ല എ ഐ ടെക്നീഷ്യനും ഡയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും ദേശീയ ഗോപാൽ രത്ന പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ വിഭാഗത്തിലേയും പുരസ്കാര വിജയികൾക്ക് ഒന്നാം സമ്മാനമായി അഞ്ചു ലക്ഷം രൂപയും രണ്ടാം സമ്മാനമായി മൂന്നു ലക്ഷം രൂപയും മൂന്നാം സമ്മാനമായി രണ്ടുലക്ഷം രൂപയും നൽകുന്നതാണ്. അപേക്ഷ നൽകുന്നതിനുള്ള ലിങ്ക് 15/09/2021 വരെ www.dahd.nic.in / www.mha.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാകും.

**പരിശീലന പരിപാടികൾ**

**5.** ഹോർട്ടികോർപ്പ് ആരംഭിക്കുന്ന തേനീച്ച വളർത്തലിനെ കുറിച്ചുള്ള ഓൺലൈൻ പരിശീലന പരിപാടിയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഇന്ന് (31 ന്) ഉച്ചയ്ക്ക് രണ്ട് മണിക്ക് നിർവ്വഹിക്കും. എട്ട് സെഷനുകളും രണ്ട് ദിവസത്തെ പ്രായോഗിക പരിശീലനവും ഉൾക്കൊള്ളുന്ന പ്രസ്തുത പരിശീലനത്തെ കുറിച്ചറിയാൻ **9400985260, 0479-2386695** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

1. സമേതി കേരളയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 31-ന്) രാവിലെ 11 മണിക്ക് **ശാസ്ത്രീയ തെങ്ങ് പരിപാലനവും കീട രോഗ നിയന്ത്രണവും** എന്ന വിഷയത്തിൽ സമേതി കേരളയുടെ ഫെയ്സ്ബുക്ക് പേജിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2740440** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**6.** കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"ഓമനമൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണവും രോഗനിയന്ത്രണവും"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. **ആഗസ്റ്റ് 2 മുതൽ 9** വരെ വൈകുന്നേരം 5 മണിക്ക് https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 999 521 3500 എന്ന ഐ ഡി

ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് **9446714462** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. ഹോർട്ടികോർപ്പ് ബീ കീപ്പിംഗ് ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 3,4,5 തീയതികളിൽ കരൂർ കൃഷിഭവൻ പരിധിയിൽ വച്ച് തേനീച്ച പരിശീലന ക്ലാസ്സ് നടത്തുന്നു. കാർഷിക ഉത്പാദന ക്ഷമതയ്ക്ക് തേനീച്ച പരിപാലനം എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ കർഷകർ, വനിതകൾ എന്നിവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനുമായി **9447910989** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ആഗസ്റ്റ് മാസം 2-ന് **മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ-പാൽ പിരിച്ചുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ,** 4-ന് **കാലിരോഗങ്ങളും നിവാരണ മാർഗങ്ങളും** 05-ന് **ക്ഷീരസംഘം ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ** എന്നീ വിഷയങ്ങളിൽ ഗൂഗിൾ മീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി പച്ചക്കറി കൃഷി പാഠങ്ങൾ ഫേയ്സ്ബുക്ക് പരിശീലന പരിപാടിയിൽ ആഗസ്റ്റ് മാസം 02, 03, 05 തീയതികളിൽ ശീതകാല പച്ചക്കറി വിളകൾ എന്ന വിഷയത്തിൽ ഉച്ചതിരിഞ്ഞ് 2.30 ന് പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

10. ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് ആഗസ്റ്റ് 03, 04 തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലും **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### 11. കാർഷിക സർവ്വകലാശാല നൽകുന്ന വിളപരിപാലന നിർദ്ദേശങ്ങൾ

മഴ പെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചി, മഞ്ഞൾ എന്നിവയിൽ മൂട്ടചീയൽ രോഗം വ്യാപിയ്ക്കാതിരിയ്ക്കാൻ മൂന്ന് മീറ്റർ സ്ക്വയർ ബെഡിന് 15 ഗ്രാം ബ്ലീച്ചിംങ്ങ് പൌഡറും 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി തടത്തിൽ ഇട്ടു കൊടുക്കാവുന്നതാണ്.

### 12. വെറ്ററിനറി സർവ്വകലാശാല നൽകുന്ന മൃഗപരിപാലന നിർദ്ദേശങ്ങൾ

കന്നുകാലികൾക്ക് തീറ്റയായി നൽകുന്ന ഖരാഹാരത്തിൽ പൂപ്പൽ വിഷബാധയില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. തീറ്റ നനയുകയോ നനവുള്ള പ്രതലത്തിൽ ചാരി വയ്ക്കുകയോ ചെയ്താൽ പൂപ്പൽ ബാധിക്കുകയും മാരകമായ അഫ്ലാടോക്സിക്കോസിസിന് കാരണമാകുകയും ചെയ്യും. പൂപ്പൽ ബാധിച്ച തീറ്റ കന്നുകാലികൾക്ക് നൽകരുത്.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം